അദ്ധ്യായം 8

# മണിയങ്ങാട്ട് പറമ്പകത്തു കുടുംബം



പറമ്പകത്ത് ലൂക്കാതൊമ്മൻ ഭാര്യ മറിയം

മണിയങ്ങാട്ടു ലൂക്കാ - അന്ന ദമ്പതികളുടെ തൃതീയ പുത്രൻ തൊമ്മൻ ചെമ്പ്ളാവുപള്ളി ഇടവക ഊഴികാട്ട് മത്തായി ഏലി മകൾ മറിയത്തെ സ്വകുടുംബിനിയാക്കി. ആ ദമ്പതികൾക്ക് ലൂക്കാ അന്ന, കുഞ്ഞേലി, മറിയം, റോസമ്മ, ത്രേസ്യാമ്മ, മോനിക്കാമ്മ എന്നീ ഏഴുമക്കൾ ജാതരായി.

ഈ കുടുംബം അറപ്പള്ളിൽ ചേരിക്കൽ പറമ്പകത്തുപുരയിട ത്തിലേക്കു താമസം മാറ്റി.

പിതാവു തൊമ്മൻ 1945 ജൂൺ 25-ാം തീയതിയും മാതാവ് മറിയം 1959 ഡിസംബർ 21-ാം തീയതിയും നിത്യസൗഭാഗ്യത്തി ലേക്കു വിളിക്കപ്പെട്ടു.



തൊമ്മൻ ലൂക്കാ ഭാര്യ അന്ന

**തൊമ്മൻ ലൂക്കാ:** തൊമ്മൻ–മറിയം ദമ്പതികളുടെ ഏക പുത്രൻ ലൂക്കാ കാഞ്ഞിരമറ്റം പള്ളി ഇടവക ആലുങ്കൽ കരോട്ട് തൊമ്മൻ അന്ന മകൾ അന്നയെ ജീവിതപങ്കാളിയാക്കി. തോമസ്, ലൂക്കാ, ജോസഫ്, മറിയക്കുട്ടി, ത്രേസ്യാമ്മ, അന്നമ്മ, ഏലിക്കുട്ടി, സിസിലി, മോനിക്കാമ്മ എന്നീ ഒൻപതുമക്കൾ പിറന്നു. ഈ കുടുംബം മൂഴൂർ വാതൽകാട്ടുപുരയിടത്തിലേക്കു മാറിത്താമസിച്ചു.



മണിയങ്ങാട്ട് പറമ്പകത്ത് പി.എൽ. തോമസും കുടുംബവും

**തോമസ് (കുട്ടി):** തൊമ്മൻ ലൂക്കാ-അന്ന ദമ്പതികളുടെ ഒന്നാമത്തെ മകൻ തോമസ് മറ്റക്കര പാദുവാ ഇടവക മാമ്പുഴയ്ക്കൽ ജോസഫ് മറിയം മകൾ അന്നമ്മയെ സഹധർമ്മിണിയാക്കി. ഈ ദമ്പതികൾക്ക് എട്ടുമക്കൾ. ലൂക്കാ, (കുഞ്ഞച്ചൻ), അന്ന (ലീലാമ്മ), ജോസ് (പാപ്പച്ചൻ) മോളി, തൊമ്മച്ചൻ, കുര്യാച്ചൻ, സണ്ണി, ജോർജ് എന്നിവരാണ് മക്കൾ. ഈ കുടുംബം തറവാടായ പറമ്പകം ഭവനത്തിൽ താമസമാക്കി.



**മണിയങ്ങാട്ട് പറമ്പകത്ത് കുഞ്ഞച്ചന്റെ കുടുംബം**

തോമസ്-അന്നമ്മ ദമ്പതികളുടെ മൂത്തപുത്രൻ ലൂക്കാ (കുഞ്ഞച്ചൻ) ചിറക്കടവു താമരക്കുന്നുപള്ളി ഇടവകവെട്ടിക്കാട്ട് ജോസഫ്. റിബേക്കാ മകൾ മറിയമ്മയെ വിവാഹംകഴിച്ചു. ഈ ദമ്പതികൾക്ക് ആഷാ, റ്റിഷാ, എന്നു രണ്ടു പുത്രിമാരാണുള്ളത്.

പുത്രിമാരിൽ ആഷയെ മാമ്മൂട് പാലാക്കുന്നേൽ കുടുംബത്തിലേക്ക് വിവാഹം ചെയ്തയച്ചു. ദ്വിതീയപുത്രി റ്റിഷ, ബി. കോമും കമ്പ്യൂട്ടർ ഉപരിപഠനത്തിനുശേഷം 8-5-2004 ൽ പൂന്തോട്ടത്തിൽ മാത്യു ത്രേസ്യാ മകൻ ജോബി, റ്റിഷായെ വധുവായി വരിച്ചു.

തോമസ്-അന്നമ്മ ദമ്പതികളുടെ രണ്ടാമത്തെ സന്താനമായ ലീലാമ്മ (അന്ന) പാലാ കത്തീഡ്രൽപള്ളി ഇടവക കൂട്ടിയാനിയിൽ സെബാസ്റ്റ്യൻ ഏലിക്കുട്ടി മകൻ പാപ്പച്ചന്റെ പത്നിയാണ്. സിബി, റ്റോമി, ജോബി, സുമ (ആൻമേരി) എന്നീ മക്കൾ ഇവർക്കുണ്ട്. ഈ കുടുംബം തൃശൂർ ചേലക്കരയിൽ താമസിക്കുന്നു. ലീലാമ്മ 5-8-2004 ൽ നിര്യാതയായി.



പറമ്പകത്ത് പാപ്പച്ചൻ, തൊമ്മച്ചൻ, കുര്യാച്ചൻ, സണ്ണി കുടുംബങ്ങൾ

തോമസ്-അന്നമ്മ ദമ്പതികളുടെ മൂന്നാമത്തെ സന്താനമായ പാപ്പച്ചൻ (ജോസ്) തിരുവല്ലാ കത്തീഡ്രൽ പള്ളി ഇടവക പുതുപ്പറമ്പിൽ വർഗീസ് തങ്കമ്മ മകൾ ജൂലിയറ്റിനെ പരിണയിച്ചു. ഈ ദമ്പതികൾക്ക് നീൽ, ലിസ്സാ എന്നു രണ്ടുമക്കളുണ്ട്. ഈ കുടുംബം ന്യൂയോർക്കിൽ അമേരിക്കൻ ഗവ. സർവീസിൽ ജോലി ചെയ്യുന്നു. നീൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥിയാണ്. ലിസ്സ ബി.ഫാം പാസ്സായശേഷം അമേരിക്കൻ മെഡിക്കൽരംഗത്തു പ്രവർത്തിക്കുന്നു.

തോമസ്-അന്നമ്മ ദമ്പതികളുടെ നാലാമത്തെ സന്താനമായ മോളി (മറിയം) യെ ചങ്ങനാശ്ശേരി കത്തീഡ്രൽ പള്ളി ഇടവക പാറക്കാട്ട് ചാക്കോ ത്രേസ്യാ മകൻ ചെറിയാൻ (ബേബി) പാണിഗ്രഹണം ചെയ്തു. ഇവർക്ക് ശാലിനി, അനീസാ, ജൂലിയാ എന്നു മൂന്നുപുത്രിമാരുണ്ട്. ഈ കുടുംബം ഉദ്യോഗാർത്ഥം അമേരിക്കയിൽ പ്രവസിച്ചിരിക്കുന്നു. ഇവരുടെ പുത്രിമാർ മൂവരും എൻജിനീയറിംഗുപഠനം കഴിഞ്ഞ് വിവിധ സ്ഥാപനങ്ങളിൽ ജോലിചെയ്യുകയാണ്.

തോമസ്-അന്നമ്മ ദമ്പതികളുടെ അഞ്ചാമത്തെ സന്താനമായ തൊമ്മച്ചൻ മാഞ്ഞൂർ ചക്കുംകുഴിയിൽ ജോസഫ്-അന്നക്കുട്ടി മകൾ ഏലിയാമ്മയെ വിവാഹംകഴിച്ചു. ഇവർ യു.എസ്.എ.യിൽ ഔദ്യോഗികജീവിതം നയിക്കുന്നു. ഇവർക്ക് ഷോൺ, ജോയൽ എന്നു രണ്ടു മക്കളുണ്ട്.

തോമസ്-അന്നമ്മ ദമ്പതികളുടെ ആറാമത്തെ സന്താനമായ കുര്യാച്ചൻ ഭരണങ്ങാനം പാറങ്കുളങ്ങര മാത്യുവിന്റെ പുത്രി എൽസമ്മയെ സഹധർമ്മിണിയാക്കി. ഇവർക്ക് ഒബിൻ എന്നൊരു പുത്രനുണ്ട്. ഈ കുടുംബവും യു.എസ്.എ.യിൽ ജീവിതഭാഗധേയം കണ്ടെത്തിയിരിക്കുന്നു.

തോമസ്-അന്നമ്മ ദമ്പതികളുടെ ഏഴാമത്തെ സന്താനമായ സണ്ണി പാലാ കത്തീഡ്രൽ പള്ളി ഇടവക പനയ്ക്കൽ ജോസഫ്-എലിസബത്ത് മകൾ നാൻസിയെ മന്ത്രകോടിയണിയിച്ചു. ഈ ദമ്പതികൾക്ക് ഡയാനാ, ക്രിസ്റ്റീൻ എന്നു രണ്ടുപുത്രിമാരുണ്ട്. ഈ കുടുംബം അമേരിക്കയിലെ ഫ്ളോറിഡായിലാണ് ഔദ്യോഗിക വാസം ഉറപ്പിച്ചിരിക്കുന്നത്.

തോമസ്-അന്നമ്മ ദമ്പതികളുടെ എട്ടാമത്തെ സന്താനമായ ജോർജ് പാലാ കത്തീഡ്രൽ ഇടവക മണിയഞ്ചിറ ഔസേപ്പച്ചൻ മേരിയമ്മ മകൾ മഞ്ജുവിനെ മന്ത്രകോടിയണിയിച്ചു. ഈ ദമ്പതികൾക്ക് ആൻമേരി (ഷോണാ) തോമസ് (കെവിൻ) എന്നു രണ്ടുകുട്ടികളുണ്ട്. ഈ കുടുംബം പറമ്പകത്തു തറവാട്ടിൽ താമസിക്കുന്നു.



മണിയങ്ങാട്ട് പറമ്പകത്ത് അപ്പച്ചനും ഭാര്യയും

**ലൂക്കാ ലൂക്കാ:** തൊമ്മൻ ലൂക്കാ-അന്ന ദമ്പതികളുടെ ദ്വിതീയ പുത്രനായ ലൂക്കാ (അപ്പച്ചൻ) ചമ്പക്കര പള്ളി ഇടവക പാലാക്കുന്നേലായ കാഞ്ഞിരമറ്റത്തിൽ സ്കറിയാ-കത്രീനാ മകൾ ചാച്ചിയമ്മ (കത്രീനാ) യെ വിവാഹം കഴിച്ചു ഈ ദമ്പതികൾക്ക് പത്തുമക്കളെ നൽകി ദൈവം ഇവരുടെ ദാമ്പത്യം സമ്പന്നമാക്കി.

സീമന്തപുത്രി ഗ്രേസമ്മ (അന്നമ്മ) യെ ഭരണങ്ങാനം തുണ്ട ത്തിൽ ജോസഫ്-അന്നമ്മ മകൻ ബേബി (ജോസഫ്) വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു മകനുണ്ട്. (ബെന്നി)

ലൂക്കാ-കത്രീനാ ദമ്പതികളുടെ രണ്ടാമത്തെ സന്താനമായ ബേബി പ്രവിത്താനം പള്ളി ഇടവക തെക്കേൽ ജോസഫ്-മേരി മകൾ ആൻസിയെ ജീവിതപങ്കാളിയാക്കി. ബേബി എം.കോം ബിരു ദധാരിയാണ്. കാത്തലിക്ക് സിറിയൻ ബാങ്കിൽ ഓഫീസറാണ്. ബേബി ആൻസി ദമ്പതികൾക്ക് രണ്ടുമക്കളുണ്ട്. റിയാമോൾ, റോഷ്മോൻ. ആൻസി കോതമംഗലം എഞ്ചിനീയറിംഗ് കോളേജ് പ്രൊഫസറാണ്. പിതാവ് ലൂക്കോസ് ബേബിയോടൊപ്പം താമസി ക്കുന്നു.

ലൂക്കാ-കത്രീനാ ദമ്പതികളുടെ മൂന്നാമത്തെ സന്താനമായ സണ്ണി ചെറുപുഴ ഈറ്റത്തോട്ട് തോമസ് - ബ്രീജീത്താ മകൾ സെലിൻ ബി.എസ്.സി.യെ സ്വവധുവാക്കി. ഇപ്പോൾ VSSC ൽ ജോലിചെയ്യു ന്നു. ഇവർക്ക് ദീപക് എന്നൊരു പുത്രനും അലീന എന്നൊരു പുത്രിയും ഉണ്ട്. സണ്ണി എം.എസ്.സി. പി.എച്ച്.ഡി ബിരുദധാരിയും തിരുവനന്തപുരത്ത് യൂണിവേഴ്സിറ്റി കോളേജ് പ്രൊഫസറാണ്.

ലൂക്കാ-കത്രീനാ ദമ്പതികളുടെ നാലാമത്തെ സന്താനമായ റ്റോമി പുല്ലൂരാംപാറ വടക്കേടത്തു സേവ്യർ-അന്നക്കുട്ടിമകൾ സൂസ മ്മയെ സ്വകുടുംബിനിയാക്കി. ഈ ദമ്പതികൾക്ക് ജോമോനും, ജോയിസ്മോനും എന്ന രണ്ടുപുത്രന്മാരുണ്ട്. ഈ കുടുംബം മല പ്പുറം ജില്ലയിൽ കാളികാവിൽ താമസിക്കുന്നു.

ലൂക്കാ-കത്രീനാ ദമ്പതികളുടെ അഞ്ചാമത്തെ സന്താനമായ ജോയി പാലക്കാട്ടു രൂപതയിൽ മേരിലാൻഡ് ഇടവകയിൽപെട്ട കരൂർപുത്തൻപുരയ്ക്കൽ സ്റ്റീഫൻ-മേരികുട്ടി മകൾ ലിസിയെ വിവാഹം ചെയ്തു. ഇവർക്ക് ജിൻസി എന്നൊരു പുത്രിയുണ്ട്. ഈ കുടുംബം പാലക്കാട്ട് ജില്ലയിൽ വടക്കൻഞ്ചേരിയിൽ താമസിക്കുന്നു.

ലൂക്കാ-കത്രീനാ ദമ്പതികളുടെ ആറാമത്തെ സന്താനമായ സിബി പാലക്കാട് കേരളശ്ശേരി ഇടവകയിൽ ജോസഫ്-മറിയം ദമ്പ തികളുടെ മകൾ ബീനായെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു പുത്രിയും ഒരു പുത്രനും ഉണ്ട്. ഈ കുടുംബം പാലക്കാട് കൊങ്ങാട് താമസിക്കുന്നു.

ലൂക്കാ-കത്രീനാ ദമ്പതികളുടെ ഏഴാമത്തെ സന്താനമായ മോളി കോതമംഗലം കത്തീഡ്രൽ പള്ളി ഇടവക രാമനാട്ട് പീറ്റർ മറിയം മകൻപോളിന്റെ ജീവിതപങ്കാളിയാണ്. ഈ ദമ്പതികൾക്ക് ഗീതു എന്നൊരു പുത്രിയും ജിൻസ് എന്നൊരുപുത്രനുമുണ്ട്.

ലൂക്കാ-കത്രീനാ ദമ്പതികളുടെ എട്ടാമത്തെ സന്താനമായ മാത്യു (മോഹൻ) എം.എ., മലപ്പുറം എടവണ്ണ പള്ളി ഇടവക വാല ത്തുശ്ശേരി കുര്യാക്കോസ് മറിയം മകൾ മഞ്ജുവിനെ വിവാഹം കഴിച്ചു. ഇവർക്ക് രണ്ടു പുത്രന്മാരുണ്ട്. റ്റോബിനും, ജോബിനും. മോഹൻ മലപ്പുറം എപ്ലോയ്മെന്റ് എക്സേഞ്ച് ഓഫീസറാണ്.

ലൂക്കാ-കത്രീനാ ദമ്പതികളുടെ ഒൻപതാമത്തെ സന്താനമായ സജി (മാർട്ടിൻ) എം.കോം. പാലക്കാട്ടു രൂപതയിൽ മണ്ണാർക്കാട് കോട്ടപ്പുറം സെന്റ് ജോർജ് ബാപ്റ്റിസ്റ്റുപള്ളി ഇടവക പീലിയാനി ക്കലായ കണ്ണന്താനത്തു തോമസ് അന്നമ്മ മകൾ സോളി ബി.എ. ബി.എഡിനെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ടുമക്കളു ണ്ട്. സജിയും, സോളിയും കല്ലടി ഹൈസ്കൂളിൽ പഠിപ്പിക്കുന്നു.


ലൂക്കാ-കത്രീനാ ദമ്പതികളുടെ പത്താമത്തെ സന്താനമായ ലിയാ (മേരിനിർമ്മല) തൃശൂർ ഒരമനയൂർ പള്ളി ഇടവക ചെറുവ ത്തൂർ കൊച്ചുലോന-മറിയം ദമ്പതികളുടെ പുത്രൻ ബാബു (സേവ്യർ) വിന്റെ കുടുംബിനിയാണ്. ഈ ദമ്പതികൾക്ക് രണ്ടുമക്ക ളുണ്ട്. റീനായും, റോണും. ലിയാ ഗുരുവായൂർ സഹകരണബാങ്ക് ജീവനക്കാരിയും, ബാബു കോതമംഗലം കീരമ്പാറ എച്ച്.എസ്. അദ്ധ്യാപകനുമാണ്.



**മണിയങ്ങാട്ട് പറമ്പകത്ത് പരേതനായ പി.എൽ ജോസഫും ഭാര്യയും**

## ലൂക്കാ ഔസേപ്പച്ചൻ

തൊമ്മൻ ലൂക്കാ-അന്ന ദമ്പതികളുടെ മൂന്നാമത്തെ പുത്രനായ ഔസേപ്പച്ചൻ (പി. എൽ. ജോസഫ്) ബി.എസ്.സി. ബി.എഡ്., മണലുങ്കൽ ഹൈസ്കൂൾ അധ്യാപകനായിരുന്നു. ചെറുവള്ളി ഇടവക മഞ്ഞാക്കൽ വർഗീസ് മറിയം മകൾ സിസിലി (ലില്ലിക്കുട്ടി) യാണ് ഔസേപ്പച്ചന്റെ കുടുംബിനി. ഈ ദമ്പതികൾക്ക് ജോയി, ജോർജ്, തോമസുകുട്ടി, സജി, രാജു അലക്സ് എന്ന് ആറുപുത്രന്മാരുണ്ട്.



**മണിയങ്ങാട്ട് പറമ്പകത്ത് ജോയിയും കുടുംബവും**

ഇവരിൽ സീമന്തപുത്രൻ ജോയി പാറമ്പുഴ ആറുപറയിൽ ജോസഫ് കുട്ടിയമ്മ മകൾ ലിസമ്മയെ മന്ത്രകോടിയണിയിച്ചു ലിസമ്മ എം.എസ്സ് സി. ബിരുദമെടുത്തിട്ടുണ്ട്. ജോയി റയിൽവേ എൻജിനീയറായി ചെന്നെയിൽ ജോലി നോക്കുന്നു. ഈ ദമ്പതികൾക്ക് അഞ്ജു എന്നൊരു പുത്രിയുണ്ട്.



മണിയങ്ങാട്ട് പറമ്പകത്ത് പി.എൽ ജോസഫ് മകൻ ജോർജും കുടുംബവും

ഔസേപ്പച്ചൻ-ലില്ലിക്കുട്ടി ദമ്പതികളുടെ ദ്വിതീയപുത്രൻ ജോർജ് എൻജിനീയറിംഗ് ബിരുദം കരസ്ഥമാക്കിയശേഷം കാഞ്ഞിരമറ്റം ഇടവക പ്ലാത്തറ വർക്കി-മറിയമ്മ മകൾ ലാലിയെ സ്വന്തം ഗൃഹിണിയാക്കി. ഈ ദമ്പതികൾ അമേരിക്കയിൽ ടെക്സാക്സിൽ ഔദ്യോഗിക ജീവിതം നയിക്കുന്നു. ഇവർക്ക് ആഷ്‌ലിൻ, ടോം എന്നു രണ്ടുമക്കളുണ്ട്.



പറമ്പകത്ത് പി.എൽ. ജോസഫ് മകൻ തോമസുകുട്ടിയും കുടുംബവും

ഔസേപ്പച്ചൻ-ലില്ലിക്കുട്ടി ദമ്പതികളുടെ മൂന്നാമത്തെ പുത്രൻ തോമസുകുട്ടി എം.കോം പാസ്സായശേഷം പാലാ അർബൻ സഹകരണബാങ്കിൽ ജോലിയിൽ പ്രവേശിച്ചു. കടുത്തുരുത്തി (ആപ്പാ

ച്ചിറ) മുടക്കാമ്പുറത്ത് ആന്റണി ത്രേസ്യാമ്മ മകൾ ജെറ്റ്സിയെ പരിണയിച്ചു. ഈ ദമ്പതികൾക്ക് ജസ്റ്റിൻ എന്നൊരു പുത്രനുണ്ട്. ഇപ്പോൾ യു.കെ.യിൽ ജോലിചെയ്യുന്നു.



**പറമ്പകത്ത് പി.എൽ. ജോസഫ് മകൻ സജി, അലക്സ്**

ഔസേപ്പച്ചൻ-ലില്ലിക്കുട്ടി ദമ്പതികളുടെ നാലാമത്തെ സന്താനമായ സജി ബി.ടെക് പാസ്സായശേഷം അമേരിക്കയിൽനിന്ന് എം.ടെക്. ബിരുദം നേടി. ഭരണങ്ങാനം പള്ളി ഇടവക കലയത്തിനാൽ ജോയി-കുട്ടിയമ്മ മകൾ എബിയാണ് സജിയുടെ സഹധർമ്മിണി. എബിയും എം.ടെക് ബിരുദധാരിണിയാണ്. ഈ എൻജിനീയർ ദമ്പതികൾ ടെക്സാക്സിൽ ജോലിനോക്കുന്നു. ഇവർക്ക് സേയ എന്നൊരു പുത്രിയുണ്ട്.



**മണിയങ്ങാട്ട് പറമ്പകത്ത് രാജു**

ഔസേപ്പച്ചൻ-ലില്ലിക്കുട്ടി ദമ്പതികളുടെ അഞ്ചാമത്തെ പുത്രൻ രാജു ബി.എസ്സി. പാസ്സായശേഷം കമ്പ്യൂട്ടർ പഠനം നടത്തിയതിനെത്തുടർന്ന് സ്വന്തമായി കമ്പ്യൂട്ടർ ബിസിനസ് നടത്തിവരവെ, 2001-ൽ ആകസ്മികമായി ചരമം പ്രാപിച്ചു.

ഔസേപ്പച്ചൻ-ലില്ലിക്കുട്ടി ദമ്പതികളുടെ കനിഷ്ഠപുത്രൻ അലക്സ് ബി.എസ്സി. പഠനം കഴിഞ്ഞ് കുടുംബവൃത്തങ്ങളിൽ കഴിയുന്നു.

പിതാവ് ഔസേപ്പച്ചൻ 1975 മെയ് 8-ന് നിര്യാതനായിരുന്നു.

തൊമ്മൻ ലൂക്കാ-അന്നമ്മ ദമ്പതികളുടെ മൂത്തമകൾ മറിയക്കുട്ടിയെ ഇളങ്ങുളം വാളിപ്ലാക്കൽ ജോസഫ് അന്ന മകൻ ജോസഫ് 1934 ഫെബ്രുവരി 5-ന് വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ചിന്നമ്മ പാപ്പച്ചൻ, സെലിൻ, തൊമ്മച്ചൻ എന്നു നാലുമക്കൾ ഉണ്ടായി.

മാതാവ് മറിയക്കുട്ടി 1995 സെപ്റ്റംബർ 17-ാം തീയതി നിര്യാതയായി.

മറിയക്കുട്ടി - ജോസഫ് ദമ്പതികളുടെ മൂത്തമകൾ ചിന്നമ്മയെ തമ്പലക്കാട്ട് വെട്ടത്തു ദേവസ്യാമകൻ സെബാസ്റ്റ്യൻ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് റോമിയോ, ബാസിനിയോ, കാഷിയോ എന്നു മൂന്നുപുത്രന്മാരുണ്ട്.

മറിയക്കുട്ടി - ജോസഫ് ദമ്പതികളുടെ രണ്ടാമത്തെ സന്താനമായ പാപ്പച്ചൻ (ജോസഫ്) കോതമംഗലം വെട്ടിക്കുഴി പുന്നൂസിന്റെ മകൾ എൽസമ്മയെ വിവാഹം ചെയ്തു. ജോസിമോൾ ജോസഫ്, പുന്നൂസ്, ജോയി എന്നു നാലുമക്കൾ ഇവർക്കുണ്ട്.

മറിയക്കുട്ടി-ജോസഫ് ദമ്പതികളുടെ മൂന്നാമത്തെ സന്താനമായ സെലിൻ ചങ്ങനാശ്ശേരി കത്തീഡ്രൽ പള്ളി ഇടവക പുത്തൻപുരയിൽ കുഞ്ചെറിയാ-ക്ലാര മകൻ ജോസഫിന്റെ ജീവിതപങ്കാളിയാണ്.

മറിയക്കുട്ടി-ജോസഫ് ദമ്പതികളുടെ നാലാമത്തെ സന്താനമായ തൊമ്മച്ചൻ ചേനപ്പാടിമുട്ടത്ത് തോമസ്-അന്നമ്മ മകൾ മേഴ്സിയെ പാണിഗ്രഹണം ചെയ്തു. ഇവർക്ക് മറിയം, റ്റോണി, റ്റോം എന്നു മൂന്നുമക്കളുണ്ട്.

തൊമ്മൻ ലൂക്കാ-അന്ന ദമ്പതികളുടെ രണ്ടാമത്തെ മകൾ ത്രേസ്യാമ്മ 1923 ഏപ്രിൽ 6-ാം തീയതി ഭൂജാതയായി. വിദ്യാഭ്യാ

സശേഷം സന്യാസദൈവവിളി സ്വീകരിച്ച് 1945 ഏപ്രിൽ 5-ന് ആരാധനാമഠത്തിൽ ചേർന്ന്: സിസ്റ്റർ മരീനാ എന്ന സന്യാസനാമധേയം സ്വീകരിച്ചു. 1985 ആഗസ്റ്റ് 8-ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

തൊമ്മൻ ലൂക്കാ-അന്ന ദമ്പതികളുടെ മൂന്നാമത്തെ പുത്രി അന്നമ്മയെ ഏർത്തയിൽ എള്ളൂക്കുന്നേൽ ചാക്കോ-ഏലിയാമ്മ മകൻ ജോസഫ് സ്വകുടുംബിനിയാക്കി. ഈ ദമ്പതികൾക്ക് പത്തു മക്കൾ ജാതരായി.

അന്നമ്മ-ജോസഫ് ദമ്പതികളുടെ മൂത്തമകൾ ജെസമ്മയെ കാഞ്ഞിരപ്പള്ളി കുരിശുംമൂട്ടിൽ ചാക്കോ മറിയം ദമ്പതികളുടെ മകൻ ജേക്കബ്ബ് മന്ത്രകോടിയണിയിച്ചു. ഈ ദമ്പതികൾക്ക് ജൂലിയാ ജയിംസ്, ജനി എന്നു മൂന്നുമക്കളുണ്ട്.

അന്നമ്മ-ജോസഫ് ദമ്പതികളുടെ രണ്ടാമത്തെ സന്താനമായ ജോയി കുറുമ്പനാട് ചെത്തിപ്പുഴ അബ്രാഹം മറിയം ദമ്പതികളുടെ മകൾ മോളിയമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ജോയ്‌ി ജെസ്ബിൻ എന്നു രണ്ടുമക്കളുണ്ട്.

അന്നമ്മ-ജോസഫ് ദമ്പതികളുടെ മൂന്നാമത്തെ സന്താനമായ രാജു കുറവിലങ്ങാട്ട് വാവാട്ടു തടത്തിൽ ജോസഫ്-മറിയം മകൾ റോസമ്മയെ മംഗല്യം ചാർത്തിവരിച്ചു. ഈ ദമ്പതികൾക്ക് വിനു, റിജു, റെയ്മോൻ എന്നിവർ മക്കളാണ്.

അന്നമ്മ-ജോസഫ് ദമ്പതികളുടെ നാലാമത്തെ സന്താനമായ ലൂസിയാമ്മ മണിമല നിരവത്ത് ജോസഫ്-മറിയം മകൻ വർഗീസിന്റെ ധർമ്മപത്നിയാണ്, ജോബി, ജൂബി, റ്റോണി എന്നിവരാണ് മക്കൾ.

അന്നമ്മ-ജോസഫ് ദമ്പതികളുടെ അഞ്ചാമത്തെ സന്താനമായ മറിയമ്മയെ മുന്നിലവ് വലിയകുമാരമംഗലം പള്ളി ഇടവക ചിറയത്ത് ദേവസ്യാ-മറിയം മകൻ സെബാസ്റ്റ്യൻ വിവാഹം ചെയ്തു. ജിസ്, റ്റിറ്റോ എന്നുരണ്ടു മക്കൾ ഇവർക്കുണ്ട്. ആറാമത്തെ മകൾ മോളിമ്മ വാകക്കാട് തട്ടാമ്പറമ്പിൽ ജോസഫ് - മറിയം മകൻ മാത്യുവിന്റെ ഭാര്യയാണ്. 2 മക്കൾ, നീനാ, എബിൻ ഏഴാമത്തെ മകൻ

എബി നെടിയശാല ചിറക്കൽ ജോസഫ് ഏലിയാമ്മ മകൾ ഡെയ്സിയെ വിവാഹം ചെയ്തു. രണ്ടു മക്കൾ റ്റീനാ, റ്റിഞ്ചു.

അന്നമ്മ-ജോസഫ് ദമ്പതികളുടെ എട്ടാമത്തെ സന്താനമായ ജോജോ മൂന്നിലവ് വലിയ കുമാരമംഗലം പള്ളി ഇടവക പാറയ്ക്കൽ ജേക്കബ്ബ്-മറിയംമകൾ ഫിലോമിനായെ പാണിഗ്രഹണം ചെയ്തു. ഇവർക്കുമൂന്നുമക്കൾ ഹെലൻ, നെൽസൺ, നോയൽ.

അന്നമ്മ-ജോസഫ് ദമ്പതികളുടെ ഒൻപതാമത്തെ സന്താനമായ സീലിയ തോട്ടയ്ക്കാട്ട് തെക്കനാട്ട് മാത്യു-ഏലിയാമ്മ മകൻ ജോസഫിന്റെ കുടുംബിനിയാണ്. ഈ ദമ്പതികൾക്ക് മാരിയോ, മാലൂസ് എന്നു രണ്ടുമക്കളുണ്ട്.

അന്നമ്മ-ജോസഫ് ദമ്പതികളുടെ പത്താമത്തെ സന്താനമായ സുനിൽ പാണപിലാവ് മണ്ണംപ്ലാക്കൽ ഡൊമിനിക്-ത്രേസ്യാമ്മ മകൾ റീനയെ വിവാഹം ചെയ്തു.

തൊമ്മൻ ലൂക്കാ-അന്ന ദമ്പതികളുടെ നാലാമത്തെ പുത്രി ഏലിക്കുട്ടിയെ മരങ്ങാട്ടുപള്ളി പുളിക്കിയിൽ ജോൺ ത്രേസ്യാമ്മ മകൻ ജോസഫ് സ്വകുടുംബിനിയാക്കി. ഈ ദമ്പതികൾക്ക് ജോൺസൺ, വിത്സൺ, ജോസ്, ജാൻസി, ബെറ്റി, ആനി, ബീനാ എന്നീ ഏഴുമക്കളുണ്ട്.

തൊമ്മൻ ലൂക്കാ - അന്നമ്മ ദമ്പതികളുടെ അഞ്ചാമത്തെ മകൾ സിസിലി നെടിയകാട് - കാവാലത്ത് അവുസേപ്പച്ചന്റെ പുത്രൻ തോമസിന്റെ (തങ്കച്ചൻ) കുടുംബനിയാണ്. ഇവർക്ക് ജോയി, ഡെയ്സി, ലാലിച്ചൻ, ലിസമ്മ എന്ന നാലുമക്കളുണ്ട്. തൊമ്മൻ ലൂക്കാ അന്ന ദമ്പതികളുടെ ആറാമത്തെ സന്താനമായ മോനിക്കാ മ്മയെ (കുഞ്ഞമ്മ) നെടിയകാട് കാവാലത്ത് ചെറിയാൻ-ഏലി മകൻ കുഞ്ഞഗസ്തി വിവാഹം ചെയ്തു. സജി, സോണി എന്നിവർ മക്കളായുണ്ട്: തലശ്ശേരി താബോർ പള്ളി ഇടവകയിൽ താമസിക്കുന്നു, ഈ കുടുംബം.

മണിയങ്ങാട്ടു പറമ്പകത്തു തൊമ്മൻ-മറിയം ദമ്പതികളുടെ മുത്തപുത്രിയായ മാമ്മി (അന്ന)യെ മീനച്ചിൽ വളയത്തിലായ നീറനാക്കുന്നേൽ കുരുവിള - മറിയം മകൻ ജോസഫ് വിവാഹംകഴിച്ചു. ഈ ദമ്പതികൾക്ക് മറിയക്കുട്ടി, അന്നമ്മ എന്നു രണ്ടു പുത്രിമാർ മാത്രം.

മൂത്തമകൾ മറിയക്കുട്ടിയെ പ്ലാത്തോട്ടത്തിൽ മത്തായി-അന്ന മകൻ സെബാസ്റ്റ്യൻ 1930-ൽ വിവാഹം ചെയ്തു. 2004 ൽ മറിയക്കുട്ടി നിര്യാതയായി

ദ്വിതീയ പുത്രി അന്നമ്മയെ 1938-ൽ പഴയിടം പതാലിൽ മത്തായി. അന്ന മകൻ കുട്ടപ്പൻ (മാത്യു) വിവാഹം ചെയ്തു.

ആദ്യപുത്രി മാമ്മിയെന്ന അന്ന 1945 ജനുവരി 24-ാം തീയതിയും ഭർത്താവ് നീറനാക്കുന്നേൽ ജോസഫ് 1972 ഡിസംബർ 23 -ാം തീയതിയും നിര്യാതരായി.

പറമ്പകത്ത് തൊമ്മൻ-മറിയം ദമ്പതികളുടെ രണ്ടാമത്തെ പുത്രി കുഞ്ഞേലിയെ ഏർത്തയിൽ തോമസ് മകൻ കുഞ്ഞച്ചൻ (ചാക്കോ) 1914-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ആറു സന്താനങ്ങളുണ്ട്.

പിതാവ് ചാക്കോ 76-ാം വയസിൽ 1972 ആഗസ്റ്റ് 21-നും മാതാവ് കുഞ്ഞേലി 99-ാം വയസിൽ 1997 ആഗസ്റ്റ് 16-നു ചരമം പ്രാപിച്ചു.

ഈ ദമ്പതികളുടെ മൂത്തപുത്രൻ ഈ.സി. തോമസ് (കുട്ടിയച്ചൻ) ചോറ്റിയിൽ താമസിക്കുന്നു. അവിവാഹിതനാണ്. 75 വയസ്സു കഴിഞ്ഞു.

ചാക്കോ - കുഞ്ഞേലി ദമ്പതികളുടെ രണ്ടാമത്തെപുത്രൻ ഇ. സി. ചാക്കോ, പൊൻകുന്നം പാറേക്കാട്ടിൽ തോമസിന്റെ മകൾ റോസമ്മയെ വിവാഹം ചെയ്തു. മക്കൾ - ബേബി, റോസമ്മ, കുഞ്ഞുമോൾ.

ചാക്കോ - കുഞ്ഞേലി ദമ്പതികളുടെ മൂന്നാമത്തെ പുത്രൻ ഈ.സി. ലൂക്കോസ് ചങ്ങരപള്ളിൽ മത്തായി മകൾ ത്രേസ്യാമ്മയെ വിവാഹം ചെയ്തു. ആദ്യഭാര്യ ത്രേസ്യാമ്മ അകാലചരമമടഞ്ഞതിനെ തുടർന്ന്, അതിരമ്പുഴ വടക്കേടത്തുദേവസ്യാമകൾ ഫിലോമിനായെ ലൂക്കോസ് പുനർവിവാഹം ചെയ്തു. ഈ കുടുംബം ചിറക്കടവിൽ താമസിക്കുന്നു. ആദ്യവിവാഹത്തിൽ ഒരു പെൺകുട്ടിയുണ്ട്.

ചാക്കോ - കുഞ്ഞേലി ദമ്പതികളുടെ നാലാമത്തെ പുത്രൻ ഈ.സി. മാത്യു ചെറുവള്ളി ചേരാടിയിൽ ദേവസ്യാ മകൾ ത്രേസ്യാ

മ്മയെ ജീവിതപങ്കാളിയാക്കി. ത്രേസ്യാമ്മയുടെ നിര്യാണശേഷം മാത്യു പുനർവിവാഹം ചെയ്തു. ഭാര്യ ശോശാമ്മ. ഈ കുടുംബം കാസർകോഡ് ജില്ലയിൽ കാഞ്ഞാങ്ങാടിനുസമീപം പാണത്തൂരിൽ താമസിക്കുന്നു. രണ്ടു പെൺമക്കളുണ്ട്.

ചാക്കോ - കുഞ്ഞേലി ദമ്പതികളുടെ അഞ്ചാമത്തെ സന്താനം ഈ.സി. സെലിൻ 1959 ഏപ്രിൽ 2-ാം തീയതി തിരുഹൃദയസന്യാസസഭയിൽ ചേർന്ന് സിസ്റ്റർ ഡിംഫീനാ എന്ന സന്യാസ നാമം സ്വീകരിച്ചു.

ചാക്കോ- കുഞ്ഞേലി ദമ്പതികളുടെ ആറാമത്തെ സന്താനമായ ഈ.സി. ജോൺ കൊരട്ടി കല്ലൂർക്കുളങ്ങര ഫ്രാൻസിസിന്റെ മകൾ മേരിക്കുട്ടിയെ വിവാഹം ചെയ്തു. ഈ കുടുംബവും ചോറ്റിയിലാണ് താമസിക്കുന്നത്. മക്കൾ കുഞ്ഞുമാൻ, സന്തോഷ്, തൊമ്മൻ

മണിയങ്ങാട്ട് പറമ്പകത്തു തൊമ്മൻ മറിയം ദമ്പതികളുടെ നാലാമത്തെ പുത്രി മറിയത്തെ വടശ്ശേരിൽ ഔസേപ്പ് അന്ന മകൻ മത്തായി (പാപ്പച്ചൻ) പാണിഗ്രഹണം ചെയ്തു. ഈ ദമ്പതികൾക്ക് മക്കൾ എട്ടുപേരാണ്.

മൂത്തമകൻ ജോസഫ് (അപ്പച്ചൻ) ഇഞ്ചിയാനി ഇടവക മാപ്പിളകുന്നേൽ കുര്യാക്കോസ്-റോസമ്മ മകൾ ഏലിക്കുട്ടിയെ സ്വന്തം കുടുംബിനിയാക്കി. ഈ ദമ്പതികൾക്ക് മേഴ്സി, മാത്തുക്കുട്ടി കുര്യാച്ചൻ, റോസമ്മ, കുഞ്ഞുമോൻ, റ്റോമി എന്ന് ആറു മക്കളുണ്ട്.

മറിയം-മത്തായി ദമ്പതികളുടെ രണ്ടാമത്തെ മകൻ തോമസ് തീക്കോയി മിറ്റത്താനിക്കൽ മത്തായി-മറിയാമ്മ മകൾ ബ്രിജീറ്റിനെ ജീവിതപങ്കാളിയായിവരിച്ചു. ഈ ദമ്പതിമാർക്ക് ജോബി, സണ്ണി, മോളി എന്നിവരാണ് മക്കൾ.

മറിയം-മത്തായി ദമ്പതികളുടെ മൂന്നാമത്തെ സന്താനമായ കുട്ടിയമ്മ (അന്നമ്മ) യെ കരിമ്പനക്കുളം ഇടവക ഏറത്തേടത്ത് ചെറിയാൻ ഏലിയാമ്മ മകൻ ജോൺ വിവാഹം കഴിച്ചു. ഇവർക്ക് മറിയാമ്മ, ജോണി, ആൻസി, ബേബിക്കുട്ടി, എന്നീ മക്കളുണ്ട്.

മറിയം-മത്തായി ദമ്പതികളുടെ നാലാമത്തെ സന്താനമായ കുഞ്ഞപ്പി (ലൂക്കോസ്) കുറുപ്പന്തറ വഴുതനപ്പള്ളിൽ അബ്രാഹം അച്ചാമ്മ മകൾ ലീലാമ്മയെ മന്ത്രകോടിയണിയിച്ചു. ഈ ദമ്പതി

കൾക്ക് മാത്തുക്കുട്ടി, ലൈലമ്മ, തമ്പിച്ചൻ എന്നിവരാണ് മക്കൾ. കുഞ്ഞപ്പി നിര്യാതനായി.

മറിയം-മത്തായി ദമ്പതികളുടെ അഞ്ചാമത്തെ സന്താനമായ മേരിക്കുട്ടി അവിവാഹിതയായി സ്വന്തം വീട്ടിൽ താമസിക്കുന്നു. (റിട്ടയർഡ് ടീച്ചർ)

മറിയം-മത്തായി ദമ്പതികളുടെ ആറാമത്തെ സന്താനമായ മാത്യു കറുകുറ്റി ഇടവക പടയാറ്റിൽ മാത്യു അന്ന മകൾ സെലിനെ വിവാഹം ചെയ്തു. മാത്യു സെലിൻ ദമ്പതികൾക്ക് ആനി, അനു എന്നിവരാണ് മക്കൾ ഈ കുടുംബം കോഴിക്കോട്ട് മാലാപ്പറമ്പിൽ താമസിക്കുന്നു.

മറിയം-മത്തായി ദമ്പതികളുടെ ഏഴാമത്തെ മകനായ ബേബി (ഡൊമിനിക്) മാമ്മൂട് ആന്റണി കത്രീനാ മകൾ ത്രേസ്യാമ്മയെ പാണിഗ്രഹണം ചെയ്തു. മക്കൾ ജയിൻ, ജീനാ, ജിജോ, ജിനു. എന്ന നാലാൾ.

മറിയം-മത്തായി ദമ്പതികളുടെ എട്ടാമത്തെ മകനായ കുഞ്ഞ് (സെബാസ്റ്റ്യൻ) ഇളന്തോട്ടം ഇടവക എടേട്ട് ഞള്ളിയിൽ വക്കച്ചൻ -ത്രേസ്യാമ്മ ദമ്പതികളുടെ മകൾ വത്സമ്മയെ വധുവായി സ്വീകരിച്ചു. മക്കൾ സോണിയാ, ഡോണി എന്ന് രണ്ടുപേർ.

മണിയങ്ങാട്ട് പറമ്പകത്തു തൊമ്മൻ മറിയം ദമ്പതികളുടെ നാലാമത്തെ മകൾ റോസമ്മ 1906 ആഗസ്റ്റ് 7-ാം തീയതി ഭൂജാതയായി, വിദ്യാഭ്യാസശേഷം സ്വന്തം ദൈവവിളിക്കു പ്രത്യുത്തരം നല്കിക്കൊണ്ട് 1928-ൽ ആരാധനസഭയിൽ ചേർന്നു സഭാവസ്ത്രം സ്വീകരിച്ചു. സിസ്റ്റർ എവുദോക്സ്യാമ്മ എന്ന പേരിൽ അറിയപ്പെട്ടു. സി. എവുദോക്സ്യാ 1929 സെപ്റ്റംബർ 24-ന് പ്രഥമ വ്രതവാഗ്ദാനം ചെയ്തു. 1930 മെയ് 8-ന് ആയിരുന്നു നിത്യവ്രത വാഗ്ദാനം. മുത്തോലപുരം, തുരുത്തി, വാഴപ്പള്ളി, മാമ്മൂട്, എടത്വാ, തത്തംപള്ളി, വടകര, കൂടല്ലൂർ, മുട്ടുചിറ, നെല്ലിയാനി, കാഞ്ഞിരത്താനം, മരങ്ങാട്ടുപള്ളി കടുത്തുരുത്തി എന്നീ മഠങ്ങളിൽ താമസിച്ചുകൊണ്ട് അതതു സ്ഥലങ്ങളിലെ സ്കൂളുകളിൽ സ്തുത്യർഹമാംവണ്ണം സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

പാലാ അഡോറേഷൻ പ്രോവിൻസിന്റെ മദർ ജനറൽ (1961 -1964) മഠാധിപ, നൊവീസ്മിസ്ട്രസ്, പ്രൊവിൻഷ്യൽ കൗൺസിലർ എന്നീ നിലകളിലും സഭാശുശ്രൂഷ നിർവഹിച്ചിട്ടുണ്ട്.

വടക്കേ ഇൻഡ്യയിൽ ആസാം കേന്ദ്രമാക്കി ഇപ്പോൾ നിലവിലുള്ള മിഷൻ കേന്ദ്രങ്ങൾ-നാഗാലാൻഡ്, മണിപ്പൂർ സ്റ്റേറ്റുകളിൽ സ്ഥാപിക്കുന്നതിനുവേണ്ട ഒത്താശകൾ ചെയ്തതും ഫോർമേഷൻ പദ്ധതിയിൽ പെടുത്തി ആരാധന സഭാംഗങ്ങളായ സിസ്റ്റേഴ്സിനെ ആദ്യമായി അമേരിക്കയ്ക്ക് അയച്ചതും മദർ എവുദോക്സ്യാ ആണ്.

കടുത്തുരുത്തി മഠത്തിലായിരിക്കുമ്പോൾ നട്ടെല്ലിനു തേയ്മാനം സംഭവിച്ചതുമൂലം ശസ്ത്രക്രിയയ്ക്ക് വിധേയയാക്കേണ്ടിവന്നു. ഓപ്പറേഷന്റെ മുറിവ് ഉണങ്ങി ആശുപത്രിയിൽനിന്നു മടങ്ങുവാൻ കേവലം രണ്ടുദിവസം മാത്രമുള്ളപ്പോൾ അപ്രതീക്ഷിതമായി 1983 ജൂലായ് 7-ാം തീയതി വെളുപ്പിന് സിസ്റ്ററിന് ഹൃദ്രോഗബാധ ഉണ്ടാവുകയും തുടർന്ന് അന്ത്യം സംഭവിക്കുകയും ചെയ്തു. മൃതദേഹം പാലാ നെല്ലിയാനി മഠം ചാപ്പലിൽ സംസ്കരിച്ചു.

തൊമ്മൻ മറിയം ദമ്പതികളുടെ അഞ്ചാമത്തെ മകൾ ത്രേസ്യാമ്മ 1910 മാർച്ച് 31-ാം തീയതി ജനിച്ചു. 1910 ഏപ്രിൽ 7-ന് ജ്ഞാനസ്നാനം സ്വീകരിച്ചു. ദൈവവിളി പ്രചോദിതയായി 1930 ഡിസംബർ 21-ന് വാഴപ്പള്ളി മഠത്തിൽ സന്യാസാർത്ഥിനിയായി ചേർന്നു. 1935 മെയ് 8-ാം തീയതി ആദ്യവ്രതം തുരുത്തി മഠത്തിൽ വച്ചു സ്വീകരിച്ചു. ത്രേസ്യാമ്മ എന്ന പേര് വ്രതാർപ്പണത്തോടെ സി. അഞ്ചലിക്കാ എന്നായി, 1938 മെയ് 8-ന് വാഴപ്പള്ളി മഠത്തിൽ വച്ചായിരുന്നു സി. അഞ്ചലിക്കായുടെ നിത്യവ്രതവാഗ്ദാനം. വാഴപ്പള്ളി, അതിരമ്പുഴ, ചമ്പക്കുളം, എടത്വ, കാഞ്ഞിരമറ്റം, കൈനടി, മുത്തോലപുരം, പള്ളുരുത്തി, പൈക, കടനാട്, കാക്കൂർ, അരുവിത്തുറ എന്നീ മഠങ്ങളോട് അനുബന്ധിച്ചുള്ള വിദ്യാലയങ്ങളിൽ അധ്യാപികയായി സേവനം അനുഷ്ടിച്ചിട്ടുണ്ട്.

ഇപ്പോൾ നെല്ലിയാനി മഠത്തിൽ വിശ്രമവും പ്രാർത്ഥനയുമായി കഴിയുന്നു.

തൊമ്മൻ മറിയം ദമ്പതികളുടെ കനിഷ്ഠപുത്രി മോനിക്കാമ്മ 1911 ഡിസംബർ 17-ന് ജനിച്ചു. മലയാളം വിദ്വാൻ പരീക്ഷയും ടി.ടി.സി.യും കഴിഞ്ഞ് മുട്ടുചിറ, തിരുവല്ല, കാഞ്ഞിരമറ്റം സ്കൂളിൽ പഠിപ്പിച്ചു. കൊഴുവനാൽ സ്കൂൾ ഹെഡ്മിസ്ട്രസ്സായും സേവനം ചെയ്തു.



മണിയങ്ങാട്ട് പറമ്പകത്ത് മോനിക്കാമ്മ ജോസഫ്

പൂഞ്ഞാർ കണ്ടംമ്പറമ്പിൽ തോമസ് അന്ന മകൻ ജോസഫ് മോനിക്കാമ്മയെ പരിണയിച്ചു. ഈ ദമ്പതികൾക്ക് ഒരുമകൾ മാത്രമേയുള്ളൂ. ജോസമ്മ

മാതാവ് മോനിക്കാമ്മ 1996 ഫെബ്രുവരി 24-ാം തീയതി അന്തരിച്ചു.

മോനിക്ക-ജോസഫ് ദമ്പതികളുടെ ഏക പുത്രി ജോസമ്മ ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജിൽ ബോട്ടണി വകുപ്പിൽ 34 വർഷം സേവനം അനുഷ്ഠിച്ചു.

പ്രസിദ്ധ കഥാപ്രസംഗകനായിരുന്ന കെ.കെ. തോമസ് B.A L.T. യുടെയും മറിയക്കുട്ടിയുടെയും മകൻ സണ്ണിതോമസ് ആണ് ജോസമ്മയുടെ കണവൻ. ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജിൽ ഇംഗ്ലീഷ് വകുപ്പു മേധാവിയായിരുന്ന പ്രൊഫ. സണ്ണി, കുറേക്കാലം തേവര സേക്രട്ട് കോളേജിലും അധ്യാപകനായിരുന്നു.

കൂടാതെ ഇൻഡ്യൻ കായികരംഗത്തും പ്രൊഫ. സണ്ണി തോമസ് പ്രശസ്തസേവനങ്ങൾ കാഴ്ചവച്ചിട്ടുണ്ട്. 1965-ൽ കോട്ടയം റൈഫിൾ ക്ലബ്ബിൽ അംഗമായ അദ്ദേഹം 1985-ൽ നാഷണൽ റൈഫിൾ അസോസിയേഷൻ വൈസ്പ്രസിഡന്റായി ഉയർത്തപ്പെട്ടു. അഞ്ചുതവണ സ്റ്റേറ്റ് ചാമ്പ്യൻഷിപ്പും അദ്ദേഹത്തിനു ലഭിച്ചു. 1993 മുതൽ നാഷണൽ കോച്ചായി സേവനം അനുഷ്ഠിച്ചുവരുന്നു. അന്താരാഷ്ട്ര മത്സരങ്ങളിൽ 47 പ്രാവശ്യം കോച്ചായി ഇന്ഡ്യയെ

പ്രതിനിധീകരിക്കുകയും ഇൻഡ്യയ്ക്ക് 400 മെഡൽ (200 സ്വർണ്ണം) നേടിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്.

ഇന്ഡ്യൻ കോച്ചുകൾക്കുള്ള പരമോന്നത ബഹുമതിയായി 2001-ൽ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൽകലാമിൽനിന്ന് ദ്രോണാചാര്യ അവാർഡും അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്.

ജോസമ്മ-സണ്ണി ദമ്പതികൾക്ക് രണ്ടുപുത്രന്മാരും ഒരു പുത്രിയും സന്താനങ്ങളായുണ്ട്.

ഏക പുത്രി സോണിയാ പുതുക്കാട്ട് പ്രജോതിനികേതൻ കോളേജിൽ കമ്പ്യൂട്ടർ വകുപ്പ് മേധാവിയായി പ്രവർത്തിക്കുന്നു. പുത്രന്മാരായ മനോജ്, സുനിൽ ഇവർ എറണാകുളത്ത് കമ്പ്യൂട്ടർ എൻജിനീയർമാരായി ജോലി ചെയ്യുന്നു. ഇവർക്കും റൈഫിൾ ഷൂട്ടിംഗിൽ നാഷണൽ ചാമ്പ്യൻഷിപ്പും ജീ.വി. രാജാ അവാർഡും ലഭിച്ചിട്ടുണ്ട്.

